<u>15 -ാം കേരള നിയമസഭ</u>

<u>7 -ാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 125</u> | <u>09-12-2022 - ൽ മറുപടിയ്ക്ക്</u>

<u>ഉന്നതവിദ്യാഭ്യാസ മേഖലയിൽ പാഠ്യപദ്ധതി നവീകരണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. എം.വിജിൻ,<br>ശ്രീമതി ദെലീമ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ബൗദ്ധിക മികവിനൊപ്പം ആഗോള തൊഴിൽ വിപണിയിലെ അവസരങ്ങൾ കരസ്ഥമാക്കുന്നതിനും മത്സരപരീക്ഷകളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നതിനും വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്ന തരത്തിൽ ഉന്നതവിദ്യാഭ്യാസ മേഖലയിൽ പാഠ്യപദ്ധതി നവീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ സർവ്വകലാശാല കളിലും കോളേജുകളിലും പാഠ്യപദ്ധതി പരിഷ്കരണവും നാലുവർഷ ഡിഗ്രി പ്രോഗ്രാമും ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. |
| (ബി) | ഉന്നതവിദ്യാഭ്യാസത്തിനായി വൻ തുക മുടക്കി മറ്റ് രാജ്യങ്ങളിലും രാജ്യത്തെ തന്നെ വൻ നഗരങ്ങളിലും പോകുന്ന വിദ്യാർത്ഥികളെയും മറ്റു രാജ്യങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളെ കൂടിയും ആകർഷിക്കാൻ കഴിയുന്ന തരത്തിൽ മികച്ച അക്കാദമിക പരിസരം സൃഷ്ടിച്ചുകൊണ്ട് കേരളത്തെ ഉന്നതവിദ്യാഭ്യാസത്തിന്റെ ആഗോള ഹബ്ബ് ആക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (ബി) | സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസത്തിന്റെ ഘടനയും ഉള്ളടക്കവും പരിഷ്കരിക്കുന്നതിന് ഡോ. ശ്യാം ബി മേനോൻ അദ്ധ്യക്ഷനായി ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ, ഡോ. എൻ.കെ. ജയകുമാർ അദ്ധ്യക്ഷനായി നിയമപരിഷ്കരണ കമ്മീഷൻ, ഡോ. സി.റ്റി. അരവിന്ദകുമാർ അദ്ധ്യക്ഷനായി പരീക്ഷാ പരിഷ്കരണ കമ്മീഷൻ എന്നിങ്ങനെ മൂന്ന് കമ്മീഷനുകളെ നിയമിച്ചിരുന്നു. കമ്മീഷനുകൾ അവരുടെ റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയെ വൈജ്ഞാനിക ഹബ്ബ് ആക്കുന്ന വിധത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**1. <u>കരിക്കുലം പരിഷ്കാരം</u>: 4** വർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിന് ആവശ്യമായ കരിക്കുലം ചട്ടക്കൂട് രൂപീകരിക്കാൻ നടപടികൾ ആരംഭിച്ചു.<br><br>**2. <u>പുതുതലമുറകോഴ്സുകൾ</u> :** സർവ്വകലാശാലകളിലും കോളേജുകളിലും പുത്തൻ തലമുറ (New Generation Inter Disciplinary) സ്വഭാവമുള്ള വിവിധ കോഴ്സുകൾ ആരംഭിക്കുകയുണ്ടായി. ഇപ്രകാരം ആരംഭിച്ച ചില കോഴ്സുകൾ താഴെപ്പറയുന്നു. |

Integrated Political Science with International Relations

MSc Statistics with specialization in Data Analytics

MCom International Trade

Masters in Commerce in Taxation

MSc Physics with Computational and Nanoscience Specialization

MSc Chemistry with Drug Chemistry

MSc Computer Science with Specialization in Artificial Intelligence

BSc Physics with Machine Learning

MSc Physics with Specialization in Space Physics

MSc Chemistry in Drug Design and Development

MA History (World History and Historiography)

MSc Botany with Specialization in Ethno Botany and Ethno Pharmacology

MA Econometrics

MA Business Economics

Bachelor of Sports Management

BA Advertising Sales Management

Integrated Botany with Computational Biology

MSc Applied Plant Science

**3. സർവ്വകലാശാലകളിൽ പ്രോജക്ട് മോഡ് പ്രോഗ്രാമുകൾ** ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**4. മറ്റ് പ്രധാന പദ്ധതികൾ:**

കേരള അക്കാദമിക് ലൈബ്രറി നെറ്റ് വർക്കിന്റെ (കാൽനെറ്റ്) വികസന ത്തിന്.

ഇ-ജേർണൽ കൺസോർഷ്യം

| | | | |
|---|---|---|---|
| | | | ഡിജികോൾ<br><br>ഓൺലൈൻ ഡിജിറ്റൽ ശേഖരം<br><br>കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്ക് (KIRF)<br><br>അദ്ധ്യാപക പരിശീലന പദ്ധതി<br><br>സ്റ്റേറ്റ് അസസ്മെന്റ് ആൻറ് അക്രഡിറ്റേഷൻ സെൻറർ (SAAC)<br><br>ബ്രെയിൻ ഗെയിൻ - (ലോകമെമ്പാടു മുള്ള കേരളീയ അക്കാദമിക് ഡയസ്പോറയെ കുറിച്ചുള്ള ഡേറ്റാ ബേസ്)<br><br>എറുഡൈറ്റ് സ്കോളർ ഇൻ റെസിഡൻസ് പ്രോഗ്രാം<br><br>ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് |
| (സി) | സിലബസ് ഉടരെ നവീകരിക്കുന്നതോടൊപ്പം പരീക്ഷാ സമ്പ്രദായത്തിലെ ന്യൂനതകൾ പരിഹരിക്കുന്നതിനും മുൻകൈയ്യെടുക്കുമോ എന്ന് വ്യക്തമാക്കുമോ? | (സി) | ഡോ. സി.റ്റി. അരവിന്ദകുമാർ അദ്ധ്യക്ഷനായ പരീക്ഷാ പരിഷ്കരണ കമ്മീഷൻ അതിന്റെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കുന്നതിനുള്ള തുടർനടപടികൾക്കായി ഉന്നതവിദ്യാഭ്യാസ പരിഷ്കരണ നിർവ്വഹണ സെല്ലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ